"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ്- മെഡിക്കൽ വിദ്യാഭ്യാസം- ജീവനക്കാര്യം- വയനാട് സർക്കാർ മെഡിക്കൽ കോളേജ് പ്രിൻസിപ്പാൾ ഡോ.ചാന്ദ്നി.ആർ.-ന് പ്രസ്തുത ചുമതലയോടൊപ്പം കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിൽ Diabetes and Obesity എന്ന വിഷയത്തിൽ നടത്തി വന്നിരുന്ന പഠനങ്ങളുടെയും, ICMR- MRU ഗ്രാന്റ് പ്രകാരമുള്ള ഗവേഷണങ്ങളുടെയും പ്രിൻസിപ്പൽ ഇൻവെസ്റ്റിഗേറ്റർ എന്ന നിലയിലുള്ള പ്രവർത്തനങ്ങൾ തുടരുന്നതിനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (എസ്) വകുപ്പ്**

സ.ഉ.(സാധാ) നം.29/2026/H&FWD തീയതി,തിരുവനന്തപുരം, 01-01-2026

---

പരാമർശം:-

1. 16/09/2025-ലെ സ.ഉ.(സാധാ) നം. 2834/2025/ആ.കു.വ
2. ഡോ.ചാന്ദ്നി ആർ.-ന്റെ 22/10/2025-ലെ അപേക്ഷ
3. മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ 10/11/2025-ലെ എഫ് 4-7530/2025/മെ.വി.വ. നമ്പർ കത്ത്.

കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിലെ എമർജൻസി മെഡിസിൻ വിഭാഗത്തിൽ അക്കോമൊഡേഷൻ നൽകിയിരുന്ന ജനറൽ മെഡിസിൻ വിഭാഗം പ്രൊഫസർ ഡോ.ചാന്ദ്നി . ആർ-ന് പരാമർശം (1) ഉത്തരവ് പ്രകാരം റെഗുലർ സ്ഥാനക്കയറ്റം നൽകി വയനാട് സർക്കാർ മെഡിക്കൽ കോളേജ് പ്രിൻസിപ്പാൾ തസ്തികയിൽ നിയമനം നൽകുകയുണ്ടായി. പ്രിൻസിപ്പാൾ തസ്തികയിലെ ചുമതലയോടൊപ്പം കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിൽ Diabetes and Obesity എന്ന വിഷയത്തിൽ നടത്തി വന്നിരുന്ന പഠനങ്ങളുടെയും ICMR- MRU ഗ്രാന്റ് പ്രകാരമുള്ള ഗവേഷണങ്ങളുടെയും പ്രിൻസിപ്പൽ ഇൻവെസ്റ്റിഗേറ്റർ എന്ന നിലയിലുള്ള ഉത്തരവാദിത്വങ്ങളിൽ തുടരുന്നതിനും അനുമതി നൽകണമെന്ന ഡോ. ചാന്ദ്നി ആർ- ന്റെ അപേക്ഷ ശിപാർശ ചെയ്ത് പരാമർശം (3) കത്ത് പ്രകാരം മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കുകയുണ്ടായി .

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ,വയനാട് സർക്കാർ മെഡിക്കൽ കോളേജ് പ്രിൻസിപ്പാൾ തസ്തികയിലെ ഭരണപരമായ ചുമതലകൾക്ക് തടസ്സം വരാൻ പാടില്ല എന്ന വ്യവസ്ഥക്ക് വിധേയമായി കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിൽ Diabetes and Obesity എന്ന വിഷയത്തിൽ നടത്തി വന്നിരുന്ന പഠനങ്ങളുടെയും, ICMR- MRU ഗ്രാന്റ് പ്രകാരമുള്ള ഗവേഷണങ്ങളുടെയും പ്രിൻസിപ്പൽ ഇൻവെസ്റ്റിഗേറ്റർ എന്ന നിലയിലുള്ള പ്രവർത്തനങ്ങൾ തുടർന്നും നിർവ്വഹിക്കുന്നതിന് ഡോ.ചാന്ദ്നി .ആർ-ന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

മുരളീധരൻ ചെട്ടിയാർ

അണ്ടർ സെക്രട്ടറി

മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്) കേരളം, തിരുവനന്തപുരം

പ്രിൻസിപ്പാൾ, സർക്കാർ മെഡിക്കൽ കോളേജ്, വയനാട് / കോഴിക്കോട്

ഡോ.ചാന്ദ്നി. ആർ., പ്രിൻസിപ്പാൾ, സർക്കാർ മെഡിക്കൽ കോളേജ്, വയനാട്

വെബ് & ന്യൂ മീഡിയ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്, സെക്രട്ടേറിയറ്റ്

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (എസ് 1/243/2025/ /ആ.കു.വ)

ഉത്തരവിൻ പ്രകാരം

Signed by
Sajikumar. K
Date: 01-01-2026 17:48:21

സെക്ഷൻ ഓഫീസർ

പകർപ്പ് :

ആരോഗ്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി.